പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3611 26.06.2012 ൽ മറുപടിയ്ക്ക്

വാഹനങ്ങളില്ലാത്ത കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) | സ്വന്തമായി വാഹനങ്ങളില്ലാത്ത എത്ര സെക്ഷൻ ഓഫീസുകൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ബോർഡിന്റെ വാഹനമില്ലാത്ത 605 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ നിലവിലുണ്ട്. ഇത്തരം സെക്ഷനാഫീസുകളിൽ കരാർ അടിസ്ഥാനത്തിൽ വാഹനങ്ങൾ ലഭ്യമാക്കാൻ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കാസർഗോഡ് നഗര പ്രദേശം ഉൾക്കൊള്ളുന്ന നെല്ലിക്കുന്ന് സെക്ഷൻ ഓഫീസിൽ വാഹനമോ, ആവശ്യത്തിന് ജീവനക്കാരോ ഇല്ലാത്തതിനാൽ യഥാസമയം അറ്റകുറ്റപ്പണികളും മറ്റുകാര്യങ്ങളും നടത്താൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | നെല്ലിക്കുന്ന് സെക്ഷൻ ഓഫീസിൽ ഡിപ്പാർട്ട്മെന്റ് വക വാഹനം നിലവിലുണ്ട്. ജീവനക്കാരുടെ നേരിയ തോതിലുള്ള കുറവുണ്ടെങ്കിലും അറ്റകുറ്റ പണികളോ മറ്റു കാര്യങ്ങളോ യഥാസമയം നടത്താൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ പ്രസ്തുത കാരണങ്ങളാൽ വൈദ്യുതി മുടക്കം പതിവായ പ്രദേശങ്ങളിൽ പൊതുജനം നേരിടുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ